4

# യെരുശലേമിൽ കാത്തിരിക്കൽ

## (1:12- 26)

സഭയുടെ സ്ഥാപനത്തിനു മുൻപു ആവശ്യമായ *ഒരുക്കങ്ങളെ* കുറിച്ചു പ്രവൃത്തികൾ 1 പറയുന്നതായി നമ്മുടെ കഴിഞ്ഞ പാഠത്തിൽ നാം തറപ്പിച്ചു പറഞ്ഞു. ആ ഒരുക്കത്തിന്റെ രണ്ടു പ്രധാനവശങ്ങൾ നാം കണ്ടു: പരിശുദ്ധാത്മാവിന്റെ വാഗ്ദാനവും ക്രിസ്തുവിന്റെ രണ്ടാം വരവു വാഗ്ദാനവും. ശിഷ്യന്മാരെ ഒരുക്കുന്നതിനു മറ്റെന്തെല്ലാം വേണ മെന്നാണ്, നാം ഈ പാഠത്തിൽ നോക്കുന്നത് അപ്പൊസ്തലന്മാർ യെരു ശലേമിൽ കാത്തിരിക്കുമ്പോഴാണ് ഈ ഭാഗം ഒരുക്കം നടക്കുന്നത്.

“മാനസാന്തരവും പാപമോചനവും, *യെരുശലേമിൽ തുടങ്ങി* സക ലജാതികളിലും പ്രസംഗിക്കണമെന്നും ഉയരത്തിൽ നിന്നു ശക്തി ലഭി ക്കോളം അവർ യെരുശലേമിൽ തന്നെ ഇരിക്കേണം” എന്നു യേശു അപ്പൊസ്തലന്മാരോടു പറഞ്ഞിരുന്നു. അവർ ‘‘[അതായത്., യെരുശലേം] പട്ടണത്തിൽ കാത്തിരിക്കണം” “ഉയരത്തിൽ നിന്ന് ശക്തി ലഭിക്കേണ്ടതിന്” (ലൂക്കോസ് 24:47, 49; എംഫസിസ് മൈൻ). കൂടാതെ, അവർ “യെരുശലേമിൽ’’ അവന്റെ ‘‘സാക്ഷികൾ’’ ആകുമെന്നും പറഞ്ഞിരുന്നു (1:8) യേശുവിന്റെ ഇഷ്ടത്തെ ചോദ്യം ചെയ്യാവുന്നതാ യിരുന്നില്ല: അപ്പൊസ്തലന്മാർ യെരുശലേമിൽ തന്നെ വേണമെന്നു അവൻ ആഗ്രഹിച്ചു.

അപ്പൊസ്തലന്മാർ വ്യക്തിപരമായി തിരഞ്ഞെടുത്ത അവസാന സ്ഥലമായിരുന്നു ഒരുപക്ഷേ യെരുശലേം; യേശുവിനെ ക്രൂശിച്ചതു യെരുശലേമിലായിരുന്നു. അവരുടെ ശത്രുക്കൾ യെരുശലേമിലാണ്. അപ്പൊസ്തലന്മാർക്കു യെരുശലേമുമായി ബന്ധമൊന്നുമില്ലായിരുന്നു. അവരുടെ വീടും കുടുംബവും ഗലീലയിലായിരുന്നു. അതെന്തായാലും, അപ്പൊസ്തലന്മാർ യെരുശലേമിൽ തന്നെ തങ്ങണമെന്നു യേശു, പറ ഞ്ഞിരുന്നു അതുകൊണ്ട്, പ്രവൃത്തി 1:12 പറയുന്നു, ‘‘അവർ യെരുശ ലേമിന്നു, സമീപത്തു ഒരു ശബ്ബത്തു ദിവസത്തെ [ഏതാണ്ടു – മുക്കാൽ മൈൽ] വഴി ദൂരമുള്ള ഒലിവു മല വിട്ടു, യെരുശലേമിലേക്കു മടങ്ങി പോന്നു.’’[1]

നമ്മുടെ, സ്വാതന്ത്ര്യപ്രഖ്യാപനത്തിൽ നാം അഭിമാനം കൊള്ളുന്നു.[2] – യേശു കല്പിച്ചതനുസരിച്ചു, അപ്പൊസ്തലന്മാർ യെരുശലേമിലേക്കു മടങ്ങി വന്നപ്പോൾ അവർ അവരുടെ "*ആശ്രയ* പ്രഖ്യാപനം" ഒപ്പു വെക്കുകയായിരുന്നു. അവർ തങ്ങളെത്തന്നെ കർത്താവിന്റെ കല്പനക്കു സമർപ്പിച്ചു അവനിൽ – പൂർണ്ണമായും ആശ്രയിച്ചിരുന്നു!

> അവർ [യെരുശലേമിൽ], എത്തിയപ്പോൾ, അവർ പാർത്തമാളിക മുറിയിൽ കയറിപ്പോയി; പത്രോസ്, യോഹന്നാൻ, യാക്കൊബ്, അന്ത്രെയോസ്, ഫിലിപ്പൊസ്, തോമാസ്, ബർത്തൊലൊമായി, മത്തായി, അല്ഫായുടെ മകനായ യാക്കൊബ്, എരിവുകാരനായ ശിമോൻ,[3] യാക്കൊബിന്റെ മകനായ യൂദാ എന്നിവർ ഉണ്ടായിരുന്നു (വാക്യം 13).

അപ്പൊസ്തലന്മാരുടെ പേരു വിവരപ്പട്ടിക നല്കുന്നതു ഇതു നാലാമത്തേതും അവസാനത്തേതുമാണ്.[4] ഇതിലുള്ള വ്യത്യാസം എന്തെന്നാൽ ഒറ്റിക്കൊടുത്ത യൂദയുടെ, പേർ, ഈ പ്രാവശ്യം ഇല്ല. പതിനൊന്നു പേർ; മാത്രമാണ് ലിസ്റ്റിൽ.

13–ാം വാക്യം ശ്രദ്ധിച്ചാൽ അപ്പൊസ്തലന്മാർ "താമസിച്ചിരുന്നതു" മാളികമുറിയിലായിരുന്നു എന്നു കാണാം[5] (ഒരുപക്ഷേ അവർ യേശുവുമായി അവസാന കർത്തൃമേശ പങ്കിട്ട മാളികമുറിയാകാം[6]). യേശുവിനെ ക്രൂശിൽ തറെച്ച ഉടനെ ഭയത്തോടെ രഹസ്യമായി സമ്മേളിച്ചതുപോലെയായിരുന്നില്ല അവർ ഇപ്പോൾ (യോഹന്നാൻ 20:19). ലൂക്കോസിന്റെ സുവിശേഷം അവസാനിപ്പിക്കുന്നതു ഈ വാക്കുകളിലാണ്: "അവർ അവനെ നമസ്ക്കരിച്ചു മഹാസന്തോഷത്തോടെ യെരുശലേമിലേക്കു മടങ്ങിച്ചെന്നു, എല്ലായ്പ്പോഴും ദൈവാലയത്തിൽ ഇരുന്നു, ദൈവത്തെ വാഴ്ത്തിപ്പോന്നു" (ലൂക്കോസ് 24:52, 53). അപ്പൊസ്തലന്മാർ അവരുടെ ദിവസങ്ങൾ ദേവാലയത്തിൽ ചെലവിട്ടു – അവർ ഒളിച്ചിരിക്കയായിരുന്നില്ല.[7] അവർ തങ്ങളുടെ ശബ്ദം ദൈവത്തിലേക്കു ഉയർത്തി!

എന്തൊരുമാറ്റമാണ് അപ്പൊസ്തലന്മാരിൽ ഉണ്ടായിരുന്നു – ഇപ്പോൾ അവർക്കു ഉയിർത്തെഴുന്നേറ്റ കർത്താവിലാണ് വിശ്വാസം. അതു അവരെ മാറ്റി മറിച്ചു!

### ബന്ധങ്ങൾ ശക്തീകരിച്ചു
### (1:12-14)

അപ്പൊസ്തലന്മാർ ദേവാലയത്തിലും മാളികമുറിയിലും, ആയിരുന്നപ്പോൾ അവർ ഒരുക്കത്തിന്റെ പ്രയാസഘട്ടം തരണം ചെയ്തത് കാത്തിരിക്കലിലൂടെയായിരുന്നു: നമ്മിൽ പലർക്കും *കാത്തിരിക്കാൻ* ഇഷ്ടമില്ല. ഒരുക്കത്തിന്നു സമയം ആവശ്യമാണ്, എന്നാൽ അതിനു ചെലവിടേണ്ടി വരുന്ന സമയം നമുക്കു ആവേശം പകരുന്നില്ല. അവർ എത്രനാൾ കാത്തിരിക്കണമെന്നു അപ്പൊസ്തലന്മാർക്കു അറിഞ്ഞുകൂടായിരുന്നു. "ഇനി ഏറെനാൾ കഴിയുന്നതിന്നു മുൻപു" പരിശുദ്ധാത്മാവു വരുമെന്നാണ് യേശു പറഞ്ഞത് (പ്രവൃത്തി 1:5), പക്ഷേ അതു

ആഴ്ചകൾ ആയേക്കാം. മാസങ്ങൾ ആയേക്കാം, വർഷങ്ങൾ ആയേക്കാം.[8] അവർ കാത്തിരിക്കണമെന്നാണ് ദൈവേഷ്ടമെങ്കിൽ കാത്തിരിക്കാൻ അവർ തയ്യാറായിരുന്നു. ഈ പാഠത്തിൽ നാമെല്ലാവരും പഠിക്കണം. "യഹോവയിങ്കൽ പ്രത്യാശവെക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറെച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശ വെക്കുക" (സങ്കീർത്തനങ്ങൾ 27:14).

മറ്റുള്ളവരുമായി കാത്തിരിക്കുവാൻ അതു സഹായിക്കുന്നു. മറ്റുള്ളവരും അപ്പോസ്തലന്മാരോടു കൂടെ കാത്തിരുന്നതായി 14-ാം വാക്യം പറയുന്നു: "ഇവർ എല്ലാവരും സ്ത്രീകളോടും, യേശുവിന്റെ അമ്മയായ മറിയയോടും, അവന്റെ സഹോദരന്മാരോടുകൂടെ ഒരുമനപ്പെട്ടു പ്രാർത്ഥന കഴിച്ചു പോന്നു." അടുത്ത വാക്യത്തിൽ ഒരു സംഘത്തിൽ 120 പേർ കൂടിയിരുന്നു എന്നു പറയുന്നുണ്ട്.[9] എത്ര താല്പര്യമുണ്ടായിരുന്ന കൂട്ടമായിരുന്നു അത്. "സ്ത്രീകളും" ഉണ്ടായിരുന്നു. ഇവരിൽ ഒരു പക്ഷേ അപ്പൊസ്തലന്മാരുടെ ഭാര്യമാരും മാർത്തയും മറിയയും,[10] ഉണ്ടായിരുന്നേക്കാം,[11] യേശുവിന്റെ ആവശ്യങ്ങളിൽ അവനെയും അനുയായികളെയും,[12] ശുശ്രൂഷിച്ച സ്ത്രീകളും. ക്രൂശിനടുത്തുണ്ടായിരുന്ന സ്ത്രീകളും,[13] യേശുവിന്റെ ധൂപവർഗ്ഗം ഇടുവാൻ പോയ സ്ത്രീകളും.[14] പ്രത്യേകമായി യേശുവിന്റെ അമ്മ മറിയയും അവരോടൊപ്പം ഉണ്ടായിരുന്നതായി പറയുന്നു. (ഇതാണ് അവളെപറ്റി അവസാനം പറയുന്ന തിരുവചനഭാഗം.[15])

പിന്നെ, യേശുവിന്റെ സഹോദരന്മാരുടെ പേരുകൾ പറഞ്ഞിട്ടുണ്ട്. യേശു ഭൗതികമായി ജീവിച്ചിരുന്നപ്പോൾ അവർ അവനിൽ വിശ്വസിച്ചിരുന്നില്ല (യോഹന്നാൻ 7:5). യേശു മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റശേഷം തന്റെ സഹോദരന്മാരിൽ, ഒരാളായ യാക്കൊബിന്നു[16] പ്രത്യക്ഷനായിരുന്നു. താൻ പഠിച്ചതു തന്റെ സഹോദരങ്ങൾക്കു യാക്കൊബ് പകർന്നു എടുത്തു എന്നതിൽ സംശയമില്ല. യോസേഫ്, ശിമോൻ, യൂദാ എന്നിവരാണവർ (മത്തായി 13:55). ഇപ്പോൾ അവരെല്ലാം അപ്പൊസ്തലന്മാരോടൊപ്പം കൂടിയിരിക്കുന്നു.

അന്നു കൂടിയിരിക്കാൻ സാദ്ധ്യതയുള്ളവരായി നമുക്കു പരിചയമുള്ളവർ - ലാസർ, നിക്കൊദേമൊസ്, അരിമഥ്യക്കാരനായ യോസേഫ്, സക്കായി എന്നിവരാണ്. എത്ര ആകർഷണീയമായ സംഘമാണ്! അവർ ഇങ്ങനെ കാത്തിരുന്നപ്പോൾ അവർ സംസാരിച്ചുകൊണ്ടിരുന്നതു എന്തായിരുന്നു എന്നറിയാൻ നിങ്ങൾക്കു താല്പര്യമില്ലേ? ഓരോ ദിവസവും നീണ്ടു പോകുമ്പോൾ അവരുടെ ആവേശം അവരിൽ വർദ്ധിച്ചു വരുന്നതു നിങ്ങൾ കാണുന്നുണ്ടോ?

അവർ കാത്തിരുന്നപ്പോൾ, അവരിൽ നിന്നു പുറപ്പെട്ടതെല്ലാം നമുക്ക് അറിഞ്ഞുകൂടാ. എന്നാൽ ഈ ചെറിയ സംഘം ചെയ്ത പല കാര്യങ്ങളും നമുക്കറിയാം. ഒരു പ്രവൃത്തി പ്രത്യേകമായി എടുത്തു പറഞ്ഞിരിക്കുന്നു: അവർ ഒരു മനപ്പെട്ടു പ്രാർത്ഥിച്ചുകൊണ്ടിരുന്നു (പ്രവൃത്തി 1:14). ലൂക്കോസ് 24:53 പറയുന്നതു അവർ ദൈവത്തെ പുകഴ്ത്തിക്കൊണ്ടിരുന്നു എന്നാണ്. ഇതിലാദ്യമാണ് ശിഷ്യന്മാരുടെ പ്രാർത്ഥനയെ പറ്റി പറയുന്നത്,[17] എന്നാൽ അതു അവസാനമാകയില്ല.

അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ ഓരോ പേജും പ്രാർത്ഥനകൊണ്ടു പൂരിതമാക്കിയിരിക്കയാണ്.

അപ്പൊസ്തലന്മാരുടെ പ്രവൃത്തിയിൽ മറ്റൊന്ന് "ഏക മനസോടെ യായിരുന്നു" എന്നാണ്: "അവർ *ഒരുമനപ്പെട്ടു* തുടർച്ചയായി പ്രാർത്ഥന കഴിച്ചു വന്നു, ..." (പ്രവൃത്തി 1:14; എംഫസിസ്മൈൻ). "ഒരുമനപ്പെട്ടു," എന്നതിന്റെ ഗ്രീക്കു വാക്കു അപ്പൊസ്തലപ്രവൃത്തികളിൽ പതിനൊന്നു പ്രാവശ്യം കാണുന്നുണ്ട്. അവിടെ കാത്തിരിക്കാൻ കൂടിയിരുന്നവരെ ഒന്നു പരിഗണിക്കുക. "ഒരുമനപ്പെട്ടു" അ ല്ലെങ്കിൽ ഏക മനസ്സ്, ഇതു അവരിൽ തന്നെത്താൻ ഉണ്ടായതല്ല: യേശുവിന്റെ ക്രൂശിലെ മരണ ത്തിനു മുൻപു ചിലർ മറ്റുള്ളവരോടു വാദിച്ചതാണ് (ലൂക്കോസ് 22:24). അനേകർ യേശുവിനെ വിട്ടുപോയി ചിലർ തള്ളിപ്പറഞ്ഞു. (വിരൽ ചൂണ്ടുവാൻ എത്ര എളുപ്പം!) യേശുവിന്റെ സഹോദരങ്ങൾ, അവനെ പരിഹസിച്ചവരായിരുന്നു, ഇപ്പോൾ അവർ യേശുവിനെ അനുഗമിക്കു ന്നവരോടൊപ്പം ഇരിക്കുന്നു. "ഏക മനസുണ്ടാകുവാൻ," ചിലർ കണ്ണു നീരൊഴുക്കികാണും; ചിലരുടെ അഹങ്കാരം വിട്ടുകളയേണ്ടി വന്നു. ഈ ശിഷ്യന്മാർക്കു ഉയിർത്തെഴുന്നേറ്റ കർത്താവിലുള്ള വിശ്വാസം അവരെ ഐക്യമര്യപ്പെടുത്തി!

നാം "കർത്താവിനായി കാത്തിരിക്കേണ്ടി വരുമ്പോൾ," ദൈവ വു മായുള്ള, ബന്ധം ശരിയാണോ എന്നു പരിശോധിക്കുവാൻ സമയം ചെലവിടുന്നതിനേക്കാൾ ശ്രേഷ്ഠമായ രീതി മറ്റൊന്നു കാണുകയില്ല. അതുപോലെ നാമും നമ്മുടെ സഹോദരങ്ങളുമായുള്ള ബന്ധവും ശരി യാക്കി എടുക്കുക എന്നതായിരിക്കും നല്ലതു!

### പകരക്കാരനെ ഭദ്രമാക്കി
### (1:15-26)

അപ്പൊസ്തലന്മാർക്കും കൂടെയുണ്ടായിരുന്നവർക്കും അവരുടെ കാത്തിരിപ്പിൽ മറ്റൊരു കാര്യം കൂടെ ചെയ്യുവാനുണ്ടായിരുന്നു: യൂദായ്ക്കു പകരം മറ്റൊരാളെ ഉറപ്പിക്കേണ്ടിയിരുന്നു. 1:21, 22, വാക്യ ങ്ങളിൽ പത്രൊസ് പറഞ്ഞു, "അപ്പൊസ്തലന്മാരോടു കൂടെ നടന്ന പുരുഷൻ ... അവന്റെ ... [യേശു] പുനരുത്ഥാനത്തിന്നു സാക്ഷിയായി തീരേണം." പെന്തെകൊസ്തു നാളിനു വേണ്ടി ഒരുങ്ങിക്കൊണ്ടിരുന്ന വർക്കു ഈ പകരക്കാരനെ എടുക്കൽ പ്രാധാന്യപ്പെട്ടതായിരുന്നു.

എന്തുകൊണ്ട് ഈ പകരക്കാരൻ എടുക്കേണ്ടതു ആവശ്യമായി രുന്നു? ഓരോ അപ്പൊസ്തലന്നും മരിക്കുമ്പോൾ വേറൊരാളെ നിയമി ക്കണം എന്ന കീഴ്വഴക്കത്തിനായിരുന്നില്ല. യോഹന്നാന്റെ, സഹോദ രൻ, യാക്കോബിനെ, കൊന്നപ്പോൾ (പ്രവൃത്തി 12:2), അവനു പകരം മറ്റൊരാളെ എടുത്ത രേഖയോ സൂചനയോ ഇല്ല. പത്രോസ് പറഞ്ഞ തു, "യൂദ ഒഴിഞ്ഞുപോയ ശുശ്രൂഷയും" "അപ്പൊസ്തലത്വവും ലഭി ക്കേണ്ടതിന്നു" എന്നാണ് (വാക്യം 25). യൂദായ്ക്കു പകരം മറ്റൊരാളെ എടുത്തതു അവൻ മരിച്ചു പോയതുകൊണ്ടല്ല, പിന്നെയോ, അവൻ വീണു പോയതുകൊണ്ടാണ്.

യൂദായ്ക്കു പകരം മറ്റൊരാളെ അതിവേഗം എടുക്കേണ്ടതിന്റെ

ആവശ്യം അവർ മനസിലാക്കി. അങ്ങനെ അപ്പൊസ്തലന്മാരുടെ എണ്ണം തികച്ചു, പരിശുദ്ധാത്മാവു വന്നപ്പോൾ പന്തിരുവർ ആയി തീരും, നാം ഒരുപക്ഷേ അതിശയപ്പെട്ടേക്കാം, എന്തുകൊണ്ട് പെന്തെക്കൊസ്തു നാളിൽ പന്ത്രണ്ട് അപ്പൊസ്തലന്മാർ, "എന്തുകൊണ്ടു യേശു *പന്ത്രണ്ടു* അപ്പൊസ്തലന്മാരെ തിരഞ്ഞെടുത്തു എന്നതായിരിക്കും?" നല്ലൊരു ചോദ്യം, "യേശു പന്ത്രണ്ടു അപ്പൊസ്തലന്മാരെ *ആദ്യം* തിരഞ്ഞെടുത്തതെന്തിന് – പകരം, പത്തോ, പതിനഞ്ചോ, ഇരുപതോ പേരെ തിരഞ്ഞെടുക്കാമായിരുന്നില്ലേ?" വാസ്തവത്തിൽ, യിസ്രായേലിലെ പന്ത്രണ്ടു നേത്രങ്ങളെയും പ്രതിനിധീകരിച്ചുകൊണ്ടാണ് പന്ത്രണ്ടു പേരെ യേശു തിരഞ്ഞെടുത്തത്. തന്റെ ശുശ്രൂഷാവേളയിൽ, അപ്പൊസ്തലന്മാർക്കു ലഭിക്കുന്ന പ്രതിഫലത്തെക്കുറിച്ചു അവൻ ഇങ്ങനെ പറഞ്ഞു: "എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ, പുനർജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ, നിങ്ങളും *പന്ത്രണ്ടു* സിംഹാസനത്തിൽ ഇരുന്നു, *യിസ്രായേലിലെ പന്ത്രണ്ട് ഗോത്രത്തെയും* ന്യായം വിധിക്കും എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു" (മത്തായി 19:28; എംഫസിസ് മൈൻ). വീണ്ടും, അവസാന അത്താഴത്തിൽ, യേശു ശിഷ്യന്മാരോടു പറഞ്ഞു:

> നിങ്ങൾ ആകുന്നു എന്റെ പരീക്ഷകളിൽ എന്നോടു കൂടെ നിന്നവർ; എന്റെ പിതാവു എനിക്കു രാജ്യം നിയമിച്ചു തന്നതു പോലെ, ഞാൻ നിങ്ങൾക്കും നിയമിച്ചു തരുന്നു. നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിങ്കൽ തിന്നു കുടിക്കയും, സിംഹാസനങ്ങളിൽ ഇരുന്നു *യിസ്രായേൽ ഗോത്രം പന്ത്രണ്ടിനേയും* ന്യായം വിധിക്കയും ചെയ്യും (ലൂക്കോസ് 22:28–30; എംഫസിസ് മൈൻ).

ഈ വാക്യങ്ങളെ നോക്കുമ്പോൾ, അപ്പൊസ്തലന്മാർ എന്നെ ന്യായവിധിക്കും എന്ന ചോദ്യത്തിൽ മുങ്ങിതാഴുവാൻ ഇടയാവരുത് (അടിസ്ഥാനപരമായി, അവർ പ്രസംഗിച്ച വചനത്താൽ ആയിരുന്നു വിധിച്ചത്[18]). മറിച്ചു, *പന്ത്രണ്ടു* സിംഹാസനത്തിൽ ഇരുന്നു *പന്ത്രണ്ടു* അപ്പൊസ്തലന്മാർ *പന്ത്രണ്ടു* ഗോത്രങ്ങളെ വിളിക്കുന്നു എന്നതാണ് ഊന്നി പറഞ്ഞിരിക്കുന്നത്. രാജ്യസ്ഥാപനം അടുത്തിരിക്കുന്നതുകൊ ണ്ട്, അപ്പൊസ്തലന്മാരുടെ എണ്ണം പന്ത്രണ്ടു ആക്കേണ്ടതു അത്യാവശ്യമായിരുന്നു.[19]

അങ്ങനെ നാം വായിക്കുന്നു:

> ആ കാലത്തു ഏകദേശം[20] (നൂറ്റിരുപതുപേരുള്ള ഒരു സംഘം കൂടിയിരിക്കുമ്പോൾ), പത്രോസ് സഹോദരന്മരുടെ നടുവിൽ എഴുന്നേറ്റു നിന്നു പറഞ്ഞതു, "സഹോദരന്മാരായ പുരുഷന്മാരേ, യേശുവിനെ പിടിച്ചവർക്കു വഴി കാട്ടിയായി തീർന്ന യഹൂദയെ കുറിച്ചു, പരിശുദ്ധാത്മാവു ദാവീദു[21] മുഖാന്തരം മുൻപറഞ്ഞ തിരുവെഴുത്തു നിവൃത്തി വരുത്തുവാൻ ആവശ്യമായിരുന്നു. അവർ ഞങ്ങളുടെ എണ്ണത്തിൽ ഉൾപ്പെട്ടവനായി, ഈ ശുശ്രൂഷയിൽ പങ്കു ലഭിച്ചിരുന്നുവല്ലോ" (1:15–17).

പത്രോസ് നേതൃസ്ഥാനത്തേക്കു തിരിച്ചെത്തിയിരിക്കുന്നു. തന്റെ ഭയങ്കര വീഴ്ചക്കു ശേഷം, ഗലീലാക്കടൽ പുറത്തു വെച്ചു യേശു അവനെ യഥാസ്ഥാനപ്പെടുത്തിയിരിക്കുന്നു (യോഹന്നാൻ 21:15–17).

യൂദാ ഒരപ്പൊസ്തലൻ ആയിരുന്നു എന്ന് പത്രോസ് പറയുന്നു: "അവൻ ഞങ്ങളോടുകൂടെ എണ്ണപ്പെട്ടിരുന്നു [അവൻ ഞങ്ങളു ടെ എണ്ണത്തിൽ ഒരുവൻ ആയിരുന്നു, NIV], അവന്റെ ശുശ്രൂഷയിൽ നിന്നു അവൻ ഒഴിഞ്ഞുപോയി." മറ്റു അപ്പൊസ്തലന്മാരെപോലെ, അവരുടെ കഴിവുകളെയും ശക്തിയേയും കൊണ്ടാണ് യൂദയുടേയും തിരഞ്ഞെടുപ്പായ്[22] മറ്റു അപ്പൊസ്തലന്മാർക്കു ലഭിച്ചിരുന്ന അവകാശങ്ങളും നേട്ടങ്ങളും അവന്നു ലഭിച്ചിരുന്നു. അശുദ്ധാത്മാക്കളെ പുറത്താക്കുവാനും രോഗികളെ സൗഖ്യമാക്കുവാനും ഉള്ള ശക്തി മറ്റു അപ്പൊസ്തലന്മാരായിരുന്നുപോലും ഇവനും ഉണ്ടായിരുന്നു (മത്തായി 10:1). "ആദിമുതൽ അവൻ ഒരു പിശാച് ആയിരുന്നു"[23] എന്നല്ല യൂദയുടെ പ്രശ്നം. അവൻ താഴ്ന്നവനായി തുടങ്ങുകയോ താഴ്ന്നവനാ യി ഇരിക്കയോ ആയിരുന്നില്ല. മറിച്ച്, അവൻ ഉയർന്നവനായി തുടങ്ങി അവസാനം വീണുപോയി! യേശുവിനെ അനുഗമിക്കുന്ന എല്ലാവർക്കും ഇതൊരു മുന്നറിയിപ്പാണ്! (1 കൊരിന്ത്യർ 10:13.)

ഈ സമയത്തു, ലൂക്കോസ് പത്രോസിന്റെ വാക്കുകളോടു ഒന്നു കൂട്ടി ചേർത്തു ജാതികളായ വായനക്കാർക്കുള്ള യൂദായ്ക്കു സംഭവിച്ചതിനെ വിവരണമാക്കുന്നു:[24]

> (അവൻ അനീതിയുടെ കൂലികൊണ്ടു ഒരു നിലം മേടിച്ചു [പ്രതിഫലം, NIV] തലകീഴായി വീണു, നടുവേ പിളർന്നു; അവന്റെ കുടലെല്ലാം തുറിച്ചു പോയി. അതു യെരുശലേമിൽ പാക്കുന്ന എല്ലാവരും അറിഞ്ഞതാകകൊണ്ടു; ആ നിലത്തിരുന്നു അവരുടെ ഭാഷയിൽ രക്തനിലം എന്നർത്ഥമുള്ള അക്കൽദാമാ,[25] അത്, രക്തനിലം എന്നു പേർ ആയി) (വാക്യം 18, 19).

യൂദയുടെ മരണത്തെകുറിച്ചു മത്തായി 27:3–9 ഭാഗങ്ങളിൽ, വിവരിക്കുന്നതും ഇതുമായി അല്പവ്യത്യാസം ഉണ്ട്. എന്നാൽ വൈപരിത്യമില്ല.[26] മറിച്ചു, ചില വിശേഷങ്ങൾ ആണ് അവ ഒന്നിനൊന്നു ചേരുന്നതാണ്; രണ്ടു വിവരണങ്ങളും യോജിപ്പിച്ചാൽ, ശരിയുള്ള ആ വലിയ ജീവിതത്തിനു അവസാനം നേരിട്ട ദുഃഖപര്യവസാനമാണ് അവ പറയുന്നത്: നിറഞ്ഞ ദുഃഖത്തോടെ, യൂദാ ആ മുപ്പതു വെള്ളിക്കാശ് മന്ദിരത്തിൽ എറിഞ്ഞു ചെന്നു കെട്ടി ഞാൻ ചത്തു കളഞ്ഞു.[27] ഉപേക്ഷിക്കപ്പെട്ടു. അവന്റെ ശരീരം ചുറ്റിയ അവസാന കയറും,[28] അഴുകി തീരുന്നതിനുമുൻപ്, അവൻ എറിഞ്ഞ വെള്ളിക്കാശ് പാറയുള്ള നിലം വാങ്ങുവാൻ ഉപയോഗിച്ചു.[29] ലൂക്കോസിന്റെ ചിത്രീകരണ വിവരണം, വിരൂപമായതാണ് – ഒരുപക്ഷേ കർത്താവിനെ ഒറ്റിക്കൊടുത്തതിന്റെ അനന്തരഫലം അത്ര കടുത്തതാണെന്നു ലൂക്കോസ് ക്രിസ്ത്യാനികളെ അറിയിക്കുവാൻ ആഗ്രഹിച്ചു കാണും!

20-ാം വാക്യത്തിലെ പത്രൊസിന്റെ വാക്കുകളിലേക്കു നമുക്കു

കടക്കാം. "യേശുവിനെ പിടിച്ചവർക്കു വഴികാട്ടിയായി തീർന്ന യൂദയെ കുറിച്ചു പരിശുദ്ധാത്മാവു ദാവീദു മുഖാന്തരം മുൻപു പറഞ്ഞ, തിരുവെഴുത്തിനു നിവൃത്തി വരുത്തുവാൻ ആവശ്യമായിരുന്നു" എന്നു 16-ാം വാക്യത്തിൽ പത്രോസ് പറഞ്ഞിരുന്നു. താൻ പറഞ്ഞ വാക്യം മനസിൽ വെച്ചുകൊണ്ടാണ് 20-ാം വാക്യത്തിൽ പറയുന്നതു: "സങ്കീർത്തന പുസ്തകത്തിൽ അവന്റെ വാസസ്ഥലം ശൂന്യമായി പോകട്ടെ, 'അതിൽ ആരും പോകാതിരിക്കട്ടെ, എന്നും'; 'അവന്റെ സ്ഥാനം [അധ്യക്ഷസ്ഥാനം NIV][30] മറ്റൊരുത്തനു ലഭിക്കട്ടെ എന്നും എഴുതിയിരിക്കുന്നു.' " ദാവീദിന്റെ സങ്കീർത്തനങ്ങളായ 69:25ഉം 109:8ഉം. ദാവീദിന്റെ ശക്തമായ ശത്രുക്കളായിരുന്ന, അദ്ധ്യക്ഷന്മാരായിരുന്നവരെ കുറിച്ചു സങ്കീർത്തനങ്ങളിലും പറയുന്നുണ്ട്. ഈ പുരുഷന്മാർ ദാവീദിനെ താഴെയാക്കി അവന്റെ സിംഹാസനത്തെ മറിച്ചിടാൻ ശ്രമിച്ചു. ദാവീദ് *അവരെ* ആസ്ഥാനങ്ങളിൽ നിന്നു മാറ്റി ദൈവഭക്തരും ദൈവത്തിൽ ആശ്രയിക്കുന്നവരും ആസ്ഥാനങ്ങളിൽ പകരം, വരേണ്ടതിന്നു പ്രാർത്ഥിച്ചു. പത്രോസ്, ഫലത്തിൽ പറഞ്ഞതു, ദാവീദ് മശിഹയുടെ നിഴൽ ആയിരുന്നതുകൊണ്ട് യൂദായ്ക്കു പകരം മറ്റൊരാളെ അദ്ധ്യക്ഷസ്ഥാനത്താക്കുന്ന കാര്യം ദാവീദ് മൂഖാന്തരം ആരുമില്ലെന്നതു അങ്ങനെ നിറവേറി എന്നാണ്.[31]

ഇതു സംഭവിക്കുമ്പോൾ പരിശുദ്ധാത്മാവു വന്നിട്ടില്ലായ്കയാൽ, യൂദായ്ക്കു പകരം മറ്റൊരാളെ എടുക്കണമെന്നു പത്രൊസിനു എങ്ങനെ അയാൾ കഴിഞ്ഞു, സങ്കീർത്തനഭാഗം യൂദായെക്കുറിച്ചു ആണ് പറയുന്നതെന്നു പത്രൊസിന്നു എങ്ങനെ മനസിലായി? പത്രൊസിന്നു പ്രത്യേക വെളിപ്പാട് കിട്ടിയതായി രേഖയൊന്നുമില്ല. യേശു ഉയിർത്തെഴുന്നേല്പിനു ശേഷമുള്ള നാല്പതു നാളിൽ പഠിപ്പിച്ചതായിരിക്കാം "ഒരുപക്ഷേ തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിന്നു അവരുടെ [അപ്പൊസ്തലന്മാരുടെ ബുദ്ധിയെ] തുറന്നതുകൊണ്ടാകാം" (ലൂക്കോസ് 24:45). എങ്ങനെയായാലും, വിവരം വന്നു. യൂദായ്ക്കു പകരം വരുന്ന ആളുടെ യോഗ്യതകളും പത്രൊസിനു അറിയാമായിരുന്നു:

> ആകയാൽ കർത്താവായ യേശു യോഹന്നാന്റെ സ്നാനം മുതൽ, നമ്മെ വിട്ടു ആരോഹണം ചെയ്തനാൾ - വരെ നമ്മുടെ ഇടയിൽ സഞ്ചരിച്ചു പോന്ന കാലത്തെല്ലാം ഞങ്ങളോടു കൂടെ നടന്ന പുരുഷന്മാരിൽ - ഒരുത്തൻ ഞങ്ങളോടു കൂടെ അവന്റെ പുനരുത്ഥാനത്തിനു സാക്ഷിയായിത്തീരേണം (വാക്യം 21, 22).

പത്രൊസിന്റെ വാക്കുകളിൽ മൂന്നു യോഗ്യതകൾ ഉണ്ട്:[32] (1) അപ്പൊസ്തലന്മാരോടുകൂടെ; നടന്ന *ഒരാളായിരിക്കണം* യൂദായ്ക്കു പകരം ആകേണ്ടതു അവനു പകരം ഒരു സ്ത്രീയെ എടുക്കാൻ കഴിയുമായിരുന്നില്ല.[33] സഭയുടെ ആരംഭം മുതൽ, പുരുഷന്മാർ അദ്ധ്യക്ഷന്മാരായിരിക്കണം എന്നാണ് ഊന്നി പറയുന്നത് (2) യേശുവിന്റെ വ്യക്തിപരമായ ശുശ്രൂഷാ വേളയിൽ അപ്പൊസ്തലന്മാരോടും അവനോടും

ഒപ്പം യാത്ര ചെയ്തവരും ആകേണം; ഒരിക്കൽ പ്രസംഗത്തിനായി അവൻ എഴുപതു പേരെ അയക്കുന്നുണ്ട് (ലൂക്കോസ് 10:1). ഈ യോഗ്യതകളുടെ ഉദ്ദേശം അവൻ യേശുവിനെ സാക്ഷീകരിക്കേണ്ടവരാണ്. അവൻ ഒരു കപടവേഷധാരിയായിരുന്നില്ല. മറിച്ചു മരിച്ചവരിൽനിന്നു വാസ്തവമായി ഉയിർത്തെഴുന്നേറ്റവൻ ആണെന്നു വിശ്വാസയോഗ്യമായി സാക്ഷീകരിക്കേണ്ടിയിരിക്കുന്നു. യേശുവിനോടുകൂടെ നടന്നവർക്കു കൃത്യമായി അതു യേശു തന്നെ ആയിരുന്നു എന്നു തീർത്തു പറയുവാൻ പറ്റും (3) യൂദായ്ക്കു പകരം വരുന്ന ആൾ ഉയിർത്തെഴുന്നേല്പിനെ സാക്ഷീകരിക്കേണ്ടതാണ്.[34] മറ്റൊരർത്ഥത്തിൽ, പറഞ്ഞാൽ അയാൾ ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ടിരിക്കണം എന്നാണ്. യേശുവിനെ കണ്ട ദൂതനായിരിക്കണം (1 കൊരിന്ത്യർ 15:6).

എല്ലാ യോഗ്യതകളും ഉണ്ടായിരുന്ന, രണ്ടുപേരേ ആ കൂട്ടത്തിലുണ്ടായിരുന്നുള്ളൂ, എന്നു സ്പഷ്ടം: "അങ്ങനെ അവർ (യുസ്തൊ സ്[36]) എന്നു മറു പേരുള്ള ബർശബാ[35] എന്ന യോസേഫ്, മത്ഥിയാസ് എന്നീ രണ്ടു പേരെ നിറുത്തി" (വാക്യം 23). ഈ പുരുഷന്മാരെ കുറിച്ചു അധികമൊന്നും തിരുവെഴുത്തു പറയുന്നില്ല,[37] എന്നാൽ അവർ പ്രാധാന്യം അർഹിക്കുന്ന ശിഷ്യന്മാരായിരുന്നു!

യൂദായ്ക്കു പകരം ഒരാളേ ആവശ്യമുണ്ടായിരുന്നുള്ളൂ. രണ്ടു പേർ യോഗ്യതയുള്ളവരായിട്ടുണ്ട്, അതുകൊണ്ട് അവർ ഈ കാര്യം ദൈവത്തിനു വിട്ടുകൊടുത്തു:

> "സകല ഹൃദയങ്ങളേയും അറിയുന്ന കർത്താവേ, തന്റെ സ്ഥലത്തേക്കു പോകേണ്ടതിന്നു യൂദാ ഒഴിഞ്ഞുപോയ ഈ ശുശ്രൂഷയുടേയും അപ്പൊസ്തലത്വത്തിന്റേയും, സ്ഥാനം ലഭിക്കേണ്ടതിന്നു ഈ ഇരുവരിൽ നീ തിരഞ്ഞെടുത്തിരിക്കുന്നു എന്നു കാണിച്ചു തരേണമേ" എന്നു പ്രാർത്ഥിച്ചു,അവരുടെ പേർക്കു (വാക്യം 24, 25).

പ്രവൃത്തികളുടെ പുസ്തകങ്ങൾ പ്രാർത്ഥന എന്നു പറഞ്ഞിരിക്കുന്നതു രണ്ടാം പ്രാവശ്യമാണ്. പ്രാർത്ഥനാ വാക്കുകൾ പറഞ്ഞിരിക്കുന്നതു ആദ്യമായാണ്. ഹൃദയങ്ങളെ അറിയുന്നവൻ, *കാർഡിയോഗ് നോസ്റ്റാ* എന്നാണ് ഇവിടെ ദൈവത്തെ സംബോധന ചെയ്തിരിക്കുന്നത്. "മനുഷ്യൻ നോക്കുന്നതുപോലെയല്ല, മനുഷ്യൻ കണ്ണിന്നു കാണുന്നതു നോക്കുന്നു, യഹോവയൊ ഹൃദയത്തെ നോക്കുന്നു എന്നരുളി ച്ചെയ്യുന്നു" (1 ശമുവേൽ 16:7).

യൂദാ അവസാനം തന്റെ ലക്ഷ്യത്തിലേക്കു കാര്യങ്ങളെ നീക്കുന്നതു ശ്രദ്ധിക്കുക: "തന്റെ സ്ഥാനത്തേക്കു പോകേണ്ടതിന്നു ഒഴിഞ്ഞു പോയി." "ഒരാൾ തന്റെ സ്ഥാനത്തേക്കു പോയി" എന്നു പറഞ്ഞാൽ "അവന്നു യോഗ്യമായതു ലഭിച്ചു എന്നർത്ഥം." ഒരാൾ തന്റെ പ്രവൃത്തിയുടെ ഫലമായി എത്തിച്ചേരുന്ന സ്ഥാനം. "അവൻ തനിക്കുള്ള സ്ഥലത്തേക്കു പോയി" എന്നു NIV പറയുന്നു. യൂദാ "ഒഴിഞ്ഞു പോയതുകൊണ്ട്" (അക്ഷരികമായി "വീണുപോയി" എന്നർത്ഥം). അവൻ അപ്പൊസ്തലത്വ, "സ്ഥാനത്തു നിന്നാണ്" ഒഴിഞ്ഞു പോയതു.[38] മനോ

ഹര വാഗ്ദാനങ്ങൾ ലഭിച്ച തന്റെ അപ്പൊസ്തല ജീവിതം അവസാനം എത്ര വേദനാജനകമായി പര്യവസാനിക്കുന്നത്!

ഈ രണ്ടു പേരിൽ ആരായിരിക്കണം യൂദായ്ക്കു പകരം ആകേണ്ടതു? പരിശുദ്ധാത്മാവു അപ്പൊസ്തലന്മാരിൽ വന്നിട്ടില്ലായ്മകൊണ്ട്, ദൈവത്തിന്റെ തിരഞ്ഞെടുപ്പ് അവർക്കെങ്ങനെ അറിയാം? അവർ അതിനു ഉപയോഗിച്ച മാതൃക: "അവർ അതിനായി *ചീട്ടിട്ടു*" (വാക്യം 26; എംഫസിസ്മൈൻ). മൂലഭാഷയിൽ പറയുന്നതു "അവർ അവർക്കു വേണ്ടി ചീട്ടിട്ടു എന്നാണ്."[39] ചില തർജ്ജിമകൾ "അവർ ചീട്ടിട്ടു" എന്നാണ് പറഞ്ഞിരിക്കുന്നത് അതിന്റെ ക്രമം എങ്ങനെ എന്നു നമുക്കു തീർച്ചയില്ല,[40] എന്നാൽ ഇതു നറുക്കിടുക, നാണയം ഇടുക എന്ന സമ്പ്രദായം നിലവിലുണ്ട്.[41]

കൃത്യമായ നടപടി നമുക്കറിഞ്ഞുകൂടായെങ്കിലും രണ്ടു പോയിന്റുകൾ പ്രാധാന്യമർഹിക്കുന്നു: (1) "അവർ ചീട്ടിട്ടു" എന്നത് വ്യക്തമാക്കുന്നതു കൂടി വന്നിരുന്നവർ രണ്ടു സ്ഥാനാർത്ഥികൾ *വോട്ടു ചെയ്തു* എന്നല്ല. ശിഷ്യന്മാർക്കു അവരുടെ ഹൃദയങ്ങളെ അറിയില്ലായിരുന്നു; ദൈവത്തിനു മാത്രമെ അറിയുമായിരുന്നുള്ളൂ. (2) "ചീട്ടിട്ടു" എന്നതു, കൂടിയിരുന്നവർ *വിധിക്കായിട്ടോ അവസരത്തിനായോ* നോക്കിയിരുന്നില്ല എന്നതാണ്. മറിച്ച്, അവൻ ആ കാര്യം *ദൈവ*കരങ്ങളിൽ ഏല്പിക്കയായിരുന്നു.

യൂദായ്ക്കു പകരം ഒരാളെ തിരഞ്ഞെടുക്കുന്നതിൽ ഞാൻ മുൻസൂചിപ്പിച്ചതുപോലെ യേശു അവരുടെ കൈകളിൽ കൂടെ, "ബുദ്ധി തുറന്നു" തിരുവെഴുത്തുകൾ മനസിലാക്കുവാൻ സഹായിച്ചതുപോലെ ഇവിടെയും പ്രവർത്തിച്ചു എന്നതിൽ സംശയമില്ല (ലൂക്കോസ് 24:45). ഒരുപക്ഷേ യേശു ഇതു ഉപയോഗിക്കുന്നതിന്റെ ക്രമം കൊടുത്തിരിക്കാം. അല്ലെങ്കിൽ, അപ്പൊസ്തലന്മാർക്കു ഇതു സുപരിചിതമായതുകൊണ്ട് അവർ ഈ രീതിയിൽ ഉപയോഗിച്ചിരിക്കാം. പഴയ നിയമത്തിൽ സാധാരണ നടപ്പുള്ള പരിശീലനമായിരുന്നു ചീട്ടിടൽ.[42] പുരോഹിതന്മാരുടെ പ്രവർത്തികളായി അറിയപ്പെട്ടിരുന്ന ഇതു അപ്പൊസ്തലന്മാർ അനുവർത്തിച്ചു (ലൂക്കോസ് 1:9). പഴയ നിയമത്തിൽ പറഞ്ഞു, "ചീട്ടു മടിയിലിടുന്നു, അതിന്റെ വിധാനമോ യഹോവയിലത്രേ" (സദൃശവാക്യങ്ങൾ 16:33).

പ്രവൃത്തി 1ലെ, ചീട്ടിടുന്നതിനെകുറിച്ചു കൂടുതലൊന്നും എനിക്കറിയില്ല: *എങ്കിലും ഒരിക്കൽ പരിശുദ്ധാത്മാവുവന്നശേഷം, പിന്നെ ദൈവേഷ്ടം എന്തെന്നറിയുവാൻ ചീട്ടിടുന്ന രീതി ഒരിക്കലും ഉപയോഗിച്ചിട്ടില്ല എന്നറിയാം!*[43] പ്രാരംഭസഭയിൽ മൂപ്പന്മാരുടെ ശുശ്രൂഷകന്മാരേയും തിരഞ്ഞെടുത്തപ്പോൾ ഈ രീതി അവലംബിച്ചില്ല (പ്രവൃത്തി 6; 1 തിമൊഥെയൊസ് 3-ാം അദ്ധ്യായം, തിത്തൊസ് 1-ാം അദ്ധ്യായങ്ങൾ). അവർ ഉദ്ദേശപ്രശ്നങ്ങൾ പരിഹരിക്കുവാനും ഈ രീതി സ്വീകരിച്ചില്ല (പ്രവൃത്തി 15:1-31). കുട്ടികൾ അവരിൽ ആരാണ് ആദ്യം ഓരോന്നു ചെയ്യുന്നതെന്നു കണ്ടുപിടിക്കാൻ അവർ ഇത്തരം കാര്യങ്ങൾ ചെയ്തോട്ടെ. പക്ഷേ ദൈവേഷ്ടം അറിയുവാൻ നാം ഇന്നു ഇതു സ്വീകരിക്കേണ്ടതില്ല. ദൈവേഷ്ടം ഇന്നറിയുവാൻ, ആത്മശ്വാസിയ വചനമാണ്

നോക്കേണ്ടത്. പ്രവൃത്തി 1-ലെ, "ചീട്ടിട്ടു" ദൈവേഷ്ടം അറിയൽ താല്ക്കാലികമായിരുന്നു, ദൈവം അന്നു അംഗീകരിച്ചു; ഇന്ന് അതു അന്ധവിശ്വാസമായി മാറും![44]

ആ രണ്ടുപേരിൽ ആരെയാണ് ദൈവം തിരഞ്ഞെടുത്തത്? "... ചിട്ടു മത്ഥിയാസിന്നു വീഴുകയും; അവനെ പതിനൊന്നു അപ്പൊസ്തലന്മാരുടെ കൂട്ടത്തിൽ എണ്ണുകയും ചെയ്തു" (വാക്യം 26). ദൈവം തന്റെ തിരഞ്ഞെടുപ്പു നടത്തി.[45] മത്ഥിയാസ് പന്ത്രണ്ടാമത്തെ അപ്പൊസ്തലനായി തീർന്നു. പിന്നീട് പുതിയ നിയമത്തിൽ, മത്ഥിയാസിന്റെ പേർ വരുന്നില്ലെങ്കിലും പുതിയനിയമം വായിക്കുമ്പോഴും, "അപ്പൊസ്തലന്മാരെ" കുറിച്ചു വായിക്കുമ്പോഴും നമ്മുടെ പഠനത്തിൽ മത്ഥിയാസ് കടന്നു വരും. പാരമ്പര്യം പറയുന്നതു അവൻ ഐത്യോപ്യയിൽ മിഷനറിയായി പ്രവർത്തിക്കുകയും അവസാനം രക്തസാക്ഷിയായി തീരുകയും ചെയ്തു എന്നാണ്.[46] ഇതു ശരിയാണെങ്കിലും അല്ലെങ്കിലും, അവൻ മറ്റു അപ്പൊസ്തലന്മാരെപോലെ "യെരുശലേമിലും, യെഹൂദ്യയിലും, ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും യേശുവിന്റെ സാക്ഷിയായി തീർന്നു" (പ്രവൃത്തി 1:8).

അപ്പൊസ്തലത്വത്തിലെ മുഴുവൻ സംഖ്യയായ പന്ത്രണ്ടു യഥാസ്ഥാനപ്പെടുത്തി.[47] ഒരുക്കം പൂർത്തിയാക്കി. എല്ലാം തയ്യാറായി. ഇപ്പോൾ ആത്മാവു വരുവാൻ സമയമായി!

**ഉപസംഹാരം**

ആ തയ്യാറെടുപ്പിനും പ്രവൃത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ, വലിയ സംഭവത്തിലൂടെ അപേക്ഷ നടത്തുന്നുണ്ട്. നാമും നമ്മുടെ മനസുകളും, ഹൃദയങ്ങളും, ജീവിതങ്ങളും, ഒരുക്കേണ്ടതാണ്. ദൈവത്തിനു നമ്മെ ഉപയോഗിക്കുവാൻ. പാപത്തിൽ നഷ്ടപ്പെട്ട ലോകത്തെ കുറിച്ചു നമുക്ക് ഒരു ദർശനം ഉണ്ടായിരിക്കണം നഷ്ടപ്പെട്ട ആത്മാക്കളെകുറിച്ചു നമുക്കു ഭാരം ഉണ്ടായിരിക്കണം. നഷ്ടപ്പെട്ടവർ രക്ഷിക്കപ്പെടുവാനുള്ള ജ്വലിക്കുന്ന ആഗ്രഹം നമ്മിൽ ഉണ്ടാകണം ഏതെങ്കിലും വിലയിൽ പെട്ടെന്നോ; താമസിച്ചോ ഒരുങ്ങുകയല്ല വേണ്ടതു. ശരിയായ രീതിയിൽ തയ്യാറെടുക്കണം.

നമ്മുടെ ജീവിതം ദൈവത്തോടു നിരപ്പുളവാക്കി തീർക്കുക എന്നതാണ് *ഏറ്റവും പ്രധാനപ്പെട്ട* ഒരുക്കം. നിങ്ങൾ സുവിശേഷം അനുസരിക്കേണ്ടതുണ്ടോ? നിങ്ങൾ, തെറ്റിപ്പോയ ക്രിസ്ത്യാനിയാണോ എങ്കിൽ, യഥാസ്ഥാനപ്പെടുവാൻ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ നീട്ടി വെക്കരുത്!

---

കുറിപ്പുകൾ

[1]"ഒരു ശബ്ബത്തു ദിവസവഴി" എന്നതു യെഹൂദ ഉപദേഷ്ടാക്കന്മാർ പഠിപ്പിച്ചിരുന്നതു ഏതാണ് ശബ്ബത്തു നാളിൽ നടക്കാവുന്ന ദൂരം: 2,000 അടിമാത്രമാണ്. ഈ അളവു ഓരോ സ്ഥലത്തും 18 മുതൽ 20 ഇതു വരെ ഇഞ്ചു ആകാം, "ഒരു

ശബ്ബത്ത് നാൾ വഴി" അതായതു ഏതാണ്ട് മുക്കാൽ മൈലോ മുക്കാലേ അരക്കാൽ മൈലോ ആകാം. യേശുവിന്റെ ആരോഹണം സംഭവിച്ചതു ബേഥാന്യക്കടുത്തു വെച്ചായിരുന്നു (ലൂക്കോസ് 24:50), അതു ഒലിവുമലയുടെ കിഴക്കൻ ചരിവായിരുന്നു. ബേഥാന്യ തന്നെ യെരുശലേമിൽ നിന്നു ശബ്ബത്തു വഴി ദൂരത്തേക്കാൾ കൂടുതലാകുന്നു പ്രവൃത്തികൾ 1:12-ൽ വ്യക്തമാകു ന്നത് *ഒലിവുമല* "ഒരു ശബ്ബത്ത് നാൾ വഴിദൂരമുള്ള യെരുശലേമിൽ അടുത്താണ്." അതുകൊണ്ട് ശിഷ്യന്മാർക്കു യെരുശലേമിലേക്കു തിരികെ പോകാൻ അധികദൂരം ഇല്ലായിരുന്നു. "ശബ്ബത്തു വഴി" എന്നതു ദൂരത്തെയാണ് കാണിക്കുന്നത്. അല്ലാതെ ശബ്ബത്തിൽ യേശു ആരോഹണം ചെയ്തതു എന്നല്ല. [2]അമേരിക്ക കണ്ടു പിടിച്ചവർ, 1776 ജൂലായ് 4-ൽ ഉണ്ടാക്കിയ രേഖയാണിത്, ഗ്രെയിറ്റാബ്രിട്ടനിൽ നിന്നു സ്വാതന്ത്ര്യം നേടിയതു പ്രഖ്യാപിക്കുന്നതാണ്. [3]ദീ സീയോട്സ് ഒരു രാഷ്ട്രീയ സംഘടനയായിരുന്നു റോമൻ ഗവൺമെന്റിനെ മറിച്ചിടുവാൻ തുനിഞ്ഞവരായിരുന്നു. മുൻപു റോമർ ജോലിക്കാരനായിരുന്ന ഒരാളും (ചുങ്കം പിരിച്ചിരുന്ന, മത്തായി) മറ്റൊരു സിലോട്ടുകാരനും ഒരുമിച്ചു ആളുകളെ കർത്താവിൽ ശക്തിയോടെ യോജിപ്പിക്കുന്നു. [4]മറ്റൊരു ലിസ്റ്റ് മത്തായി 10, മർക്കൊസ് 3, ലൂക്കോസ് 6 എന്നീ അദ്ധ്യായങ്ങളിൽ കാണാം. [5]ലൂക്കോസ് 24:53 ലെ, "ഇരുന്നു" എന്നതു സൂചിപ്പിക്കുന്നതു അവർക്കുണ്ടായിരുന്നതു അവിടെ വെച്ചിരുന്നു എന്നാണ്, അവിടെ ആഹാരം കഴിച്ച്, രാത്രി ചെലവിട്ടിരുന്നു എന്നർത്ഥം ലൂക്കൊസ് 24:53 പറയുന്നു പകൽ, അവർ ദേവാലയത്തിൽ "തുടർച്ചയായി ഇരുന്നു" 1:14-ൽ പറയുന്നവരും 1:15-ൽ പറയുന്ന 120 പേരും മാളിക മുറിയിൽ ഉണ്ടായിരുന്നു എന്നു പൊതുവിൽ ഊഹിക്കുന്നുണ്ടെങ്കിലും, സന്ദർഭം അ ങ്ങനെ പറയുന്നില്ല. മറിച്ച്, 1:14-ൽ വേദഭാഗം വ്യക്തമാക്കുന്നതു അപ്പൊസ്തലന്മാർ തുടർച്ചയായി അവിടെയായിരുന്നതുകൊണ്ട്, പ്രാർത്ഥന ദൈവാലയത്തിലായിരുന്നു എന്നർത്ഥം. വീണ്ടും, 1:15ലെ ദൈവാലയത്തിന്റെ ഒരു മുറിയിൽ കൂടിയിരിക്കാനാണ് സാദ്ധ്യത. [6]മറ്റുള്ളവർ കരുതുന്നതു ഇതു മർക്കൊസിന്റെ അമ്മയുടെ വീടായിരുന്നു എന്നാണ് (12:12). [7]അമേരിക്കയിൽ., ഞങ്ങൾ പറയും, "ദേഡിഡ് നോട്ട് ട്രൈ ടു കീപ്പ് എ ലോ പ്രൊഫൈൽ." [8]മൂന്നു *വർഷം* മുൻപു, ദൈവരാജ്യം "ആസന്നമായിരിക്കുന്നു" എന്നു ക്രിസ്തു പറഞ്ഞിരുന്നു. എന്നാൽ അതു ഇപ്പോഴും വന്നിട്ടില്ല. [9]"അഞ്ഞൂറിലധികം സഹോദരന്മാർക്കു യേശു ഒരിക്കൽ പ്രത്യക്ഷനായതുകൊണ്ട്" (1 കൊരിന്ത്യർ 15:6), അവശേഷിച്ച യേശുവിന്റെ ശിഷ്യന്മാരിൽ ഈ 120 പേർ മാത്രമായിരുന്നില്ല എന്നു സ്പഷ്ടം. മറ്റുള്ളവർ ഒരുപക്ഷേ ഗലീലയിൽ ആയിരുന്നേക്കാം. [10]ലൂക്കോസ് 10:38.

[11]1 കൊരിന്ത്യർ 9:5. [12]മത്തായി 27:55, 56; ലൂക്കോസ് 8:2, 3. [13]മർക്കൊസ് 15:40; യോഹന്നാൻ 19:25. [14]ലൂക്കോസ് 23:55; 24:10. ഈ ലിസ്റ്റ്, കെട്ടി മറിഞ്ഞു കിടക്കുകയാണ്. യേശുവിന്റെ സഹോദരന്മാർ ഉണ്ടായിരുന്നതുകൊണ്ട് സ്ത്രീകളോടൊപ്പം അവന്റെ സഹോദരിമാരും ഉണ്ടായിരുന്നേക്കാം (മത്തായി 13:56). [15]പ്രാരംഭ പാരമ്പര്യമനുസരിച്ച്, മറിയ എഫെസോസിലേക്കു യോഹന്നാന്റെ കൂടെപോയി അവിടെവെച്ചു മരിച്ചു. [16]1 കൊരിന്ത്യർ 15:7. യാക്കോബ് യേശുവിന്റെ അർത്ഥ - സഹോദരനായിരുന്നു. അവർ ക്കു അതേ അമ്മ (മറിയയായിരുന്നു) ഉണ്ടായിരുന്നതു, പക്ഷേ ഒരേ അപ്പനായിരുന്നില്ല (യേശുവിന്റെ പിതാവു ദൈവമായിരുന്നു; യാക്കൊബിന്റെ അപ്പൻ യോസേഫ് ആയിരുന്നു). ഈ യാക്കൊബ് യേരുശലേം സഭയുടെ "തൂണായിതീർന്നു" (ഗലാത്യർ 2:9). യാക്കൊബിന്റെ ലേഖനവും എഴുതി. [17]യേശുവിന്റെ ശിഷ്യന്മാർ അവനോട് പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമേ എന്നു പറ

യുന്നുണ്ട് (ലൂക്കൊസ് 11:1), അതുകൊണ്ട് അവർ പ്രാർത്ഥിച്ചിരുന്നു എന്നു മനസിലാക്കാം. എന്നാൽ, യേശുവിന്റെ വ്യക്തിപരമായ ശുശ്രൂഷാ വേളയിൽ അവർ പ്രാർത്ഥിച്ചതായി രേഖയൊന്നുമില്ല. മർക്കൊസ് 14:38–40 വരെ, യേശു അവരോട് പ്രാർത്ഥിപ്പാൻ ആവശ്യപ്പെടുന്നുണ്ട്. അവർ പക്ഷേ ഉറങ്ങിപ്പോയി! [18]തന്നെ തള്ളിക്കളഞ്ഞവരെ അവന്റെ വാക്കുകൾ (വചനം) അവരെ വിധിക്കും എന്നു യേശു ഊന്നി പറഞ്ഞിട്ടുണ്ട് (യോഹന്നാൻ 12:48). ഇതു സത്യമാണ് അവന്റെ ശിഷ്യന്മാർക്കു വെളിപ്പെടുത്തിയത് (യോഹന്നാൻ 16:13). [19]ഒരിക്കൽ രാജ്യം/സഭ സ്ഥാപിച്ചു കഴിഞ്ഞ്, അപ്പൊസതലന്മാർ മരിച്ച് കഴിഞ്ഞ്, ഓർഫനിൽ അവർ പന്ത്രണ്ടു ഗോത്രങ്ങളെയും വിധിക്കയും ചെയ്തു – അവർക്കു പകരം ആളുകളെ അതേ പദവിയിൽ എടുക്കേണ്ടതില്ല. [20]"സഹോദരന്മാർ" എന്ന വാക്ക് രണ്ടു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു – ഒരിക്കൽ 15–ാം വാക്യത്തിലും പിന്നെ 16ലും. ഇവയാണ് പുസ്തകത്തിലെ ഈ വാക്കുകളുടെ ആദ്യ ഉപയോഗം.

[21]ദൈവശ്വാസീയ തിരുവെഴുത്തുകളിലെ ശക്തമായ ഭാഗമാണിത്. [22]യൂദയെ തിരഞ്ഞെടുത്തതു യേശുവിനെ ഒറ്റിക്കൊടുക്കുവാൻ വേണ്ടിയായിരുന്നു എന്നവകാശപ്പെടുന്നവരുണ്ട്. അപ്പോൾ പത്രോസിനെ തിരഞ്ഞെടുത്തത് യേശുവിനെ തള്ളിപ്പറയാനാണോ? തങ്ങളിൽ ആരായിരിക്കും വലിയവൻ എന്നു തർക്കിക്കാനായിരുന്നോ മറ്റുള്ളവരെ തിരഞ്ഞെടുത്തത്? എല്ലാവരും എന്തായിരുന്നുവോ അതിനായിരുന്നില്ല അവരെ തിരഞ്ഞെടുത്തത്, മറിച്ച് അവർക്കു ആരായിതീരാൻ കഴിയും എന്നതായിരുന്നു. യേശുവിനു അവരുടെ ബലഹീനത അറിയാമായിരുന്നു, അതേപോലെ അവരുടെ കഴിവും അവനറിയാമായിരുന്നു. ഇതു യൂദായെയും മറ്റുള്ളവരെയും സംബന്ധിച്ചു വാസ്തവമായിരുന്നു യൂദായ്ക്കു വലിയ കഴിവുമുണ്ടായിരുന്നു എന്നതിനു സൂചനയുമുണ്ടായിരുന്നു. ചിലർ കരുതുന്നതു, അയാൾ യെഹൂദക്കാരനായിരുന്നു എന്നാണ് എങ്കിൽ, അയാൾ ഗലീലക്കാരായിരുന്ന മറ്റുള്ളവരേക്കാൾ വിദ്യാഭ്യാസം ഉള്ളവനായിരുന്നിരിക്കാം (1:11). യൂദയെ യേശു ബഹുമാനിച്ചതിന്റെ സൂചനയാണ് അവന്റെയും ശിഷ്യന്മാരുടേയും പണം സൂക്ഷിപ്പാൻ അവനെത്തന്നെ ഏല്പിച്ചത് (യോഹന്നാൻ 12:6; 13:29). [23]"പിശാച് ആദിമുതൽ" എന്ന പദപ്രയോഗത്താൽ ചിലർ കരുതുന്നതു ഒരു ദൈവമകൻ കൃപയിൽനിന്നു വീണു പോകാൻ സാദ്ധ്യമല്ല എന്നാണ്. യേശു യൂദയെ "പിശാച്" എന്നു വിളിച്ചിരുന്നു (യോഹന്നാൻ 6:70, 71), എന്നാൽ അവൻ പത്രോസിനേയും "സാത്താനേ" എന്നു വിളിക്കുന്നുണ്ട് (മർക്കൊസ് 8:33); രണ്ടു പ്രയോഗങ്ങളും തെളിയിക്കുന്നതു അവർ രണ്ടു പേരും "സാത്താന്റെ ... ഉപയോഗത്തിനു അവരെ ഏല്പിച്ചു" കൊടുത്തു എന്നാണ്. ബൈബിൾ പറയുന്നതു യൂദായുടെ ഹൃദയത്തിൽ യേശുവിനെ കാണിച്ചുകൊടുപ്പാൻ തോന്നിക്കയും അവൻ യൂദയുടെ ഹൃദയത്തിൽ പ്രവേശിക്കയും ചെയ്തു എന്നത് (യോഹന്നാൻ 13:2, 27), പക്ഷേ യൂദാ "ആദിമുതൽ പിശാചായിരുന്നു" എന്നു ബൈബിൾ ഒരിക്കലും പറഞ്ഞില്ല. [24]ആധുനിക തർജ്ജിമക്കാർ മിക്കവരും ഈ തടസത്തെ 18ഉം 19ഉം വാക്യങ്ങൾക്കിടയിൽ ഒരു അനന്യവാക്യം ഇട്ടുകൊണ്ട്. KJV യിൽ അനന്യവാക്യമില്ല. ഈ രണ്ടു വാക്യങ്ങളും ചേർക്കുന്ന ഘടന നോക്കിയാൽ പത്രോസ് സംസാരിച്ചിരുന്നില്ല. ഇതിനിടയിൽ യൂദായ്ക്കു സംഭവിച്ചതു പത്രോസ് വിവരിക്കണമായിരുന്നില്ല. അരാമ്യ "*തങ്ങളുടെ* ഭാഷയാണെന്നു" പത്രോസ് ഒരിക്കലും പറഞ്ഞില്ല. തന്റെ കേൾവിക്കാർക്കു "അക്കൽദാമ" എന്നതിന്റെ അർത്ഥം പറഞ്ഞുകൊടുക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. [25]ഇതൊരു അരാമ്യ വാക്കാണ്. "എച്ച്" ഓട് കൂടിയോ അല്ലാതെയോ എഴുതാം.

[26]ബൈബിൾ ദൈവത്തിൽ നിന്നുള്ളതല്ല എന്നു കരുതുന്നവർ ഇതു "പരസ്പരവി രുദ്ധമാണെന്നു" "തെളിയിക്കാൻ" എഴുതുന്നു. മറ്റു വിവരണങ്ങൾ തരാത്തതാണ് ഓരോ വിവരണവും നല്കുന്നതു. ഉദാഹരണമായി മത്തായി 27:6, 7 പറയുന്നതു, പുരോഹിതന്മാർ നിലം വാങ്ങി എന്ന്. എന്നാൽ പ്രവൃത്തി 1-ൽ യൂദാ കൈവശ മാക്കി എന്ന്. ഈ രണ്ടു വിവരണവും കൂടെ ചേർത്താൽ, നമുക്കു കാണാം: പുരോ ഹിതന്മാർ യൂദയുടെ പണം കൊടുത്തു "രക്തനിലം" വാങ്ങി; അങ്ങനെ ആ നിലം നിയമപരമായി യൂദായുടേതാണ്. വീണ്ടും, മത്തായി 27:8 പറയുന്നതു, നിലം "രക്ത നിലം" എന്നറിയപ്പെട്ടു. കാരണം അതു രക്തത്താൽ നനഞ്ഞതായിരുന്നു. കാരണം അതു രക്തദ്രവ്യം കൊടുത്തു വാങ്ങിയതായിരുന്നു. രണ്ടും കൂടെ ചേർത്താൽ ആ നിലത്തു "രക്തനിലം" എന്നു വി ളിക്കാൻ രണ്ടു കാരണങ്ങൾ ഉണ്ട്. മത്തായി ഒന്നും ലൂക്കോസ് മറ്റൊന്നും നല്കുന്നു. [27]യേശുവിനെ കാണിച്ചുകൊടുപ്പാൻ യൂദാ യ്ക്കു കൊടുത്തതായിരുന്നു ആ പണം (മത്തായി 26:15). [28]യൂദ ഒരു കയറോ മറ്റെ ന്തെങ്കിലുമോ കെട്ടി തൂങ്ങുവാൻ ഉപയോഗിച്ചിരിക്കാം. [29]കുശവന്റെ നിലം, മൺപാത്രങ്ങളുണ്ടാക്കുവാൻ അവിടെ നിന്നും മണ്ണെടുത്തുകൊണ്ട് അങ്ങനെ അറി യപ്പെട്ടു. ഒരു കുശവൻ ആ നിലത്തെ മണ്ണെല്ലാം ഉപോയഗിച്ചു കഴിഞ്ഞാൽ ആ സ്ഥലം ഉപയോഗശൂന്യമായി. (ഇതു ഇന്ന് ഖനികൾക്കായി – കുഴിക്കുന്നതുമായി താരതമ്യം ചെയ്യുക.) ആ സ്ഥലം വില കുറവായിരുന്നതുകൊണ്ടു മുപ്പതു വെള്ളി ക്കാശിന്നു വാങ്ങാൻ കഴിഞ്ഞു. ഇന്നു അഗതികളെ കുഴിച്ചിടുന്ന സ്ഥലത്തിനു "കുശവന്റെ നിലം" എന്നു പറയാറുണ്ട്. ആ പ്രയോഗം മത്തായി 27:7-ൽ നിന്നു വന്നതാണ്. [30]KJV പറയുന്നത് "ഹിസ് ബിഷോപ്റിക്," എന്നാണ്. ഗ്രീക്കു വാക്കിന്റെ, ഭാഷാന്തര പ്രയോഗമാണ്. അതു *എപ്പിസ്കോപോസ്*, അല്ലെങ്കിൽ "ഓവർസിയർ" എന്നതിന്റെ രൂപഭേദമാണ്. അക്ഷരികമായ തർജ്ജിമ "ഹിസ് ഓവർ സൈറ്റ്" എന്നാ കും. ദി സിമ്പിൾ ഇംഗ്ലീഷ് ബൈബിൾഠങ്ങ പറയുന്നതു "ഹിസ് വർക്ക് ഓഫ് ഓവർ സിയറിങ്ങ്" എന്നാണ്.

[31]ചില പ്രവചനങ്ങൾ ഭാവി സംഭവങ്ങളെ മാത്രം പറയുന്നവയാണ് (2:16). മറ്റു ള്ളവ ഭാവിയെ മുന്നറിയിക്കുമ്പോൾ രീതികളും അതിന്റെ നിഴലുകളും വ്യക്ത മാക്കും (എബ്രായർ 8:5; 10:1). നിങ്ങളും ഞാനും പ്രവചനത്തെ വ്യാഖ്യാനിക്കയോ, എന്താണ് പ്രവചനം, എന്തല്ല എന്നു പറയുകയോ അരുത് എന്നു ഊന്നി പറയട്ടെ. അതുപോലെ എന്താണ് പ്രവചനനിവർത്തീകരണമെന്നും നമ്മുടേതായി പറയരു ത്. "പരിശുദ്ധാത്മാവു തന്നെ വ്യാഖ്യാനിക്കാൻ അനുവദിക്കണം" എന്നർത്ഥം (അന്റണി ലീ ആഷ്, *ദി ആക്സ് ഓഫ് ദി അപ്പൊസ്തലൽസ്*, പാർട്ട് 1, ദി ലിവിങ്ങ് വേഡ് കമന്ററി, ed., എവെററ്റ് ഫെർ ഗൂസൻ, [ആസ്റ്റിൻ, ടെക്സസ്.: സ്വീറ്റ് പബ്ലി ഷിങ്ങ് കമ്പനി., 1979], 34). [32]ഇന്നത്തെ മതസംഘടനകളിൽ പലതിലും പന്തിരുവ രുടെ പിൻഗാമികൾ എന്നവകാശപ്പെടുന്നവർ ധാരാളമുണ്ട്. അവരിൽ ആ യോഗ്യ തകൾ ഇല്ല, എന്നതു പരമാർത്ഥം! [33]മൂലഭാഷയിൽ 1:21-ൽ ഉപയോഗിച്ചവാക്ക് ജെന റിക് *ആന്ത്രോപോസ്* എന്നതിന്റെ രൂപഭേദമല്ല. മറിച്ച് ഡെഫനിറ്റിവ് *ആനർ* ("ഒരു സ്ത്രീ," "ഒരു പുരുഷനിൽ" നിന്നും വ്യത്യസ്തമാണ്). [34]ഈ യോഗ്യതകൾ നോക്കു മ്പോൾ, "പിൻഗാമികൾ" ഉണ്ടാക്കുക അസാദ്ധ്യമാണ്. അത്തരം യോഗ്യതയുള്ള ആരും ഇന്നില്ല! [35]"ബർശബാസ്" അക്ഷരികമായി അർത്ഥം – "സാബായുടെ മകൻ" എന്ന പേരിന്റെ അർത്ഥം ഒരുപക്ഷേ "ശബ്ബത്തിന്റെ മകൻ" എന്നായിരിക്കാം. ശബ്ബ ത്തിൽ ജനിച്ചതുകൊണ്ട് ഈ അരുമപേർ വിളിച്ചതാകാം. ഈ മറുപേരിൽ അറിയ പ്പെടുന്ന വേറൊരാളെ 15:22-ൽ പറയുന്നു. ഇതു ഒരുപക്ഷേ ("ഷോർട്ടി," എന്നോ

“റെഡ്,” എന്നോ പറയുന്നതുപോലെ); സാധാരണ ഓമനപ്പേരാകാം. മറുപേർ രണ്ടും ഒന്നായതുകൊണ്ടു അവർ ബന്ധുക്കൾ എന്നു പറയാൻ ന്യായമില്ല. [36]“ജോസേഫ്” എന്നതു അവന്റെ എബ്രായ പേരായിരുന്നു, “ജസ്റ്റസ്” എന്നതു ഗ്രീക്കു പേരായിരുന്നു. ഒന്നിലധികം പേരുകൾ ഒരാൾക്കുണ്ടായിരിക്കുക സാധാരണയായിരുന്നു. [37]ബർശബ്ബാസ് എന്ന യോസേഫിനെക്കുറിച്ചു ധാരാളം പാരമ്പര്യങ്ങൾ പ്രചരിച്ചിട്ടുണ്ട്. അതിൽ വന്നു പറയുന്നതു ഒരു കുഴപ്പമില്ലാതെ അവൻ സർപ്പവിഷം കുടിച്ചിരുന്നു എന്നാണ്. വേറൊരു നീറോ അവനെ തടവിലാക്കുകയും പിന്നീട് മോചിക്കുകയും ചെയ്തു എന്നാണ്. തിരുവേഴുത്തു കൂടുതലായി ഒന്നും അവനെക്കുറിച്ച് പറയുന്നില്ല. ലൂക്കോസിന്റെ തികഞ്ഞതിരിച്ചറിയലിൽ, നിന്നു നമുക്കു മനസിലാക്കാം യോസേഫ് പന്തിരുവരിൽ ഒരാളായിരുന്നില്ലെങ്കിലും ആദിമ സഭയിൽ, പ്രമുഖനായിരുന്നു എന്ന്. ഇവിടെ ഒരു പാഠമുണ്ട്: ബർശബ്ബാസ് എന്ന യോസേഫിനെ അപ്പൊസ്തലനായി തിരഞ്ഞെടുക്കാത്തതുകൊണ്ട് അവൻ കുപിതനായി ഇറങ്ങി പോയില്ല! [38]യൂദാ ഒരു പക്ഷേ രക്ഷിക്കപ്പെട്ടിരിക്കാം എന്നു കരുതുന്നവരെ ഞാൻ അടുത്ത സമയത്തു, കാണുകയുണ്ടായി. ഒരു വ്യക്തി പറഞ്ഞതു അവൻ യേശുവിനെ ഒറ്റിക്കൊടുക്കുമെന്നും മുന്നറിയിച്ചതുകൊണ്ട് ചെയ്ത തെറ്റിന് അവൻ ഉത്തരവാദിയല്ല എന്നാണ്. എന്നാൽ പ്രവൃത്തി 2-ൽ യേശുവിനെ കുലചെയ്തതിൽ യെഹൂദന്മാർ കുറ്റക്കാരായിരുന്നു എന്നു പത്രോസ് പ്രസംഗിക്കയുണ്ടായി. യേശുവിന്റെ മരണം മുന്നറിയിച്ചതായിരുന്നുവല്ലോ. യേശുവിന്റെ പ്രസ്താവനയിൽ യൂദയെക്കുറിച്ച് ഒരു സംശയത്തിനും ഇടനല്കുന്നില്ല. മത്തായി 26:24; യോഹന്നാൻ 17:12. [39]KJV പറയുന്നതു “അവർ അവർക്കു ചീട്ട് കൊടുത്തു” എന്നാണ്. ദി ന്യൂ സെഞ്ചുറി ബൈബിളിൽ “അവർ ചീട്ട് ഉപയോഗിച്ചു” എന്നാണ്. [40]കമന്ററികളിൽ നിരവധി നിർദ്ദേശങ്ങൾ ഇതിനെക്കുറിച്ചു നല്കുന്നുണ്ട് “ചിലർ വെള്ളക്കല്ലും കറുത്ത കല്ലും” ഉപയോഗിക്കും. വേറെ ചിലർ ഊറിമും തുമ്മിമും മഹാപുരോഹിതൻ ഉപയോഗിച്ചിരുന്നതെടുക്കും. എല്ലാം ഊഹാപോഹമാണ്. വേദഭാഗം പറയുന്നതു “അവർ ചീട്ടിട്ടു” എന്നാണ്. ഒരാൾ “എടുക്കുകയോ” അല്ലെങ്കിൽ “ചിട്ട്” “ഇടുകയോ” ഏതു രീതിയായാലും കാര്യം വ്യക്തമാകണം.

[41]നിങ്ങളുടെ പ്രദേശത്തു വ്യത്യസ്തരീതിയാണുള്ളതെങ്കിൽ അതുപയോഗിക്കാം. [42]ലേവ്യാപുസ്തകം 16:8; സംഖ്യാപുസ്തകം 26:56. കൂടാതെ, യോശുവ 7 ലും ഇത്തരം സംഭവവിവരണമുണ്ട്. [43]ഇതു പൂർവ്വപിതാക്കന്മാരുടെ “അവസാന പ്രവൃത്തിയായിരുന്നു” (റിക്ക് അച്ലെ, “ഈസ് ഇറ്റ് നൈസ് ടു യൂസ് ഡൈസ്?” എന്ന വിഷയം, സതേൺ ഹിൽ ചർച്ച് ഓഫ് ക്രൈസ്റ്റ്, അബലീൻ, ടെക്സാസ്, എന്ന സ്ഥലത്ത് 1984 സെപ്തംബർ 16 ന് പ്രസംഗിച്ചു). [44]ദൈവ വചനത്തിൽ പറയാത്ത കാര്യങ്ങളെക്കുറിച്ചു തീരുമാനമെടുക്കാൻ ദൈവത്താൽ അംഗീകരിക്കപ്പെടുന്ന രീതി നമുക്കു പഠിക്കാൻ കഴിയും. അതു പരിചിതരായ ക്രിസ്തീയ സഹോദരങ്ങളോടു സംസാരിക്കയോ “വാതിലുകൾ തുറക്കേണ്ടതിന്നു” നോക്കുകയോ ചെയ്യാം (1 കൊരിന്ത്യർ 1:6-9). മുഖ്യമായ തീരുമാനങ്ങൾ വിട്ടുകളഞ്ഞ് ഉത്തരവാദിത്തത്തിൽ നിന്നു ഒഴിയരുത്. [45]അപ്പൊസ്തലന്മാർ മത്ഥിയാസിനെ അവരിൽ ഒരാളായി തിരഞ്ഞെടുത്തതു അബദ്ധമായി പോയി എന്നു ചിലർ അസാധാരണമായി കരുതുന്നു. അവർ ശഠിക്കുന്നതു, ദൈവം പൗലോസിനെയാണ് അപ്പൊസ്തലനാക്കാൻ ആഗ്രഹിച്ചത് എന്നാണ്. എന്നാൽ, പത്രോസ് പറഞ്ഞ യോഗ്യത പൗലോസിനുണ്ടായിരുന്നില്ല. (അവൻ യേശുവിനോടും അപ്പൊസ്തലന്മാരോടും കൂടെ യാത്ര ചെയ്തിട്ടില്ല) പൗലൊസ് അപ്പൊസ്തലനായിരുന്നു (മറ്റു അപ്പോസ്തലന്മാരെപ്പോലെ

തന്റെ ലേഖനങ്ങളിൽ ഊന്നിപ്പറയുന്നു) അവൻ പ്രത്യേകമായി – ജാതികളുടെ അപ്പൊസ്തലനായിട്ടാണ് വരുന്നത്. സംഭവത്തിനു മുപ്പതു വർഷം കഴിഞ്ഞാണ് പ്രവൃത്തി 1 എഴുതുന്നതു. പൗലോസ് അപ്പൊസ്തലനാകുന്നതും വളരെ നാളുകൾക്കുശേഷമാണ്, തെറ്റു പറ്റിയെങ്കിൽ ലൂക്കൊസ് പറയുമായിരുന്നു. പക്ഷേ അബന്ധമൊന്നും സംഭവിച്ചില്ല. മത്ഥിയാസിനെ "പതിനൊന്നു പേരോടുകൂടെ ചേർത്തു" എണ്ണപ്പെട്ടു; അങ്ങനെ പന്തിരുവരിൽ "ഒരാളായി എണ്ണപ്പെട്ടു." [46]മറ്റൊരു പാരമ്പര്യം പറയുന്നതു അവൻ എഴുതപതു പേരിൽ ഒരാളായിരുന്നു എന്നാണ് (ലൂക്കൊസ് 10:1). ഇതു ശരിയായേക്കാം, യേശുവിന്റെ ശുശ്രൂഷയിൽ ഉടനീളം അവനോടൊപ്പം യാത്ര ചെയ്ത ഒരാളായിരിക്കണമായിരുന്നു. [47]അപ്പൊസ്തലന്മാരെ "പന്തിരുവർ" എന്നാണ് അറിയപ്പെട്ടത് (പ്രവൃത്തി 6:2).